**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2448**

**05.11.2019 - ൽ മറുപടിക്ക്.**

## മാവേലിക്കര മണ്ഡലത്തിൽ വ്യവസായ പാർക്ക്

ചോദ്യം
ശ്രീ. ആർ. രാജേഷ്

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെയും സിഡ്കോയുടെയും കെ.എസ്.ഐ.ഇ.-യുടെയും ഉടമസ്ഥത യിലുള്ള ഭൂമിയുടെയും സ്ഥാപനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഭൂമിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പ്രവർത്തനം നിലച്ച സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(എ) & (ബി) : മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ 1622 സെന്റ് സ്ഥലമാണുള്ളത്. ഇതിൽ 1439 സെന്റ് സ്ഥലം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചതിൽ പ്രവർത്തനം നിലച്ച 2 യൂണിറ്റുകളുടെ സ്ഥലം വ്യവസായ വകുപ്പ് തിരിച്ചെടുക്കുകയുണ്ടായി. ഇപ്രകാരം തിരിച്ചെടുത്ത സ്ഥലം കോടതി വ്യവഹാരങ്ങൾ നിമിത്തം റീഅലോട്ട് ചെയ്യുന്നതിന് സാധിച്ചിട്ടില്ല.

കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെയും പ്രവർത്തനം നിലച്ച വ്യവസായ യൂണിറ്റുകളെയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(സി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന തിനുള്ള സ്ഥലസൗകര്യങ്ങൾ ഇവിടെ യുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

(സി) & (ഡി) : പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന തിനുള്ള സ്ഥലസൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ.